# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2520 — 08/5/2017 -ലെ മറുപടി

## കടൽ ജലം ശുദ്ധീകരിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കടൽ ജലം ശുദ്ധീകരിച്ച് ശുദ്ധ ജലം ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളാരംഭി ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) നിലവിൽ പരിഗണനയിലില്ല |
| (ബി) കടൽ ജലം ശുദ്ധീകരിച്ച് ശുദ്ധജല മുൽപ്പാദിപ്പിക്കുന്ന പദ്ധതികൾ ഗൾഫ് നാടുകളിലും മറ്റു പല വികസിത രാഷ്ട്ര ങ്ങളിലും നിലവിലുള്ള കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ശുദ്ധജല പ്രതിസന്ധി പരിഹരിക്കാ നുള്ള പ്രധാനമാർഗ്ഗമായി കടൽ ജല ശുദ്ധീകരണത്തിലേക്ക് മാറേണ്ടി വരുമെന്ന റിപ്പോർട്ടുകൾ പരിശോധിക്ക കയുണ്ടായോ; വിശദമാക്കുമോ? | (സി) കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കു ന്നതിന് നിർമ്മാണചെലവും ശുദ്ധീകരണ ചെലവും അറ്റകുറ്റപ്പണി ചെലവും വളരെ കൂടിയ തോതിൽ വേണ്ടിവരുന്ന ജലശുദ്ധീ കരണശാലകൾ ആവശ്യമായതിനാൽ മറ്റുള്ള ജലസ്രോതസ്സുകൾ പൂർണ്ണമായും ഉപയോഗിച്ചു കഴിഞ്ഞ ശേഷം മാത്രം ഇത്തരത്തിലുള്ള ജലശുദ്ധീകരണ സാങ്കേതിക വിദ്യ അവലംബിക്കുന്നതാണ് ആശാസ്യം. എന്നാൽ കടുത്ത ജലക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ ഓരു വെള്ളം ഉൾപ്പെടെയുള്ളവ Reverse Osmosis (R.O) സാങ്കേതിക വിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ച് കുടിവെള്ള ആവശ്യത്തിനു മാത്രമായി വിതരണം ചെയ്യുവാൻ ഉള്ള പദ്ധതി പരിഗണനയിലുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

JSK/